## സഹകരണം

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്
പുരോഗമന കലാസാഹിത്യസംഘം
യുവകലാസാഹിതി
ജനകീയ കലാസാഹിത്യവേദി
കേരള യുക്തിവാദിസംഘം
എൻ.എ.പി.എം.
പി.യു.സി.എൽ.
ഇൻടാക്
കേരളീയം മാസിക
യൂത്ത് ഡയലോഗ്
വിബ്ജിയോർ ഫിലിം കളക്ടിവ്
നവചിത്ര ഫിലിം സൊസൈറ്റി, തൃശ്ശൂർ
തൃശ്ശൂർ ചലച്ചിത്ര കേന്ദ്ര
ഫ്രീ തോട്ട് ഫിലിം സൊസൈറ്റി, തൃശ്ശൂർ
കേരള ഹിസ്റ്റോറിക്കൽ റിസർച്ച് സൊസൈറ്റി
മനുഷ്യാവകാശകൂട്ടായ്മ, കൊടുങ്ങല്ലൂർ
ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറം
മുനിയാട്ടുകുന്ന് സംരക്ഷണ സമിതി
ശ്രീനാരായണ സാഹിത്യ പരിഷത്ത്
അർണോസ്പാതിരി സ്മാരക സംരക്ഷണ സമിതി, വേലൂർ
തൃശ്ശൂർ പ്രകൃതി സംരക്ഷണ സമിതി
പി.ജി.സെന്റർ, തൃശ്ശൂർ
നെൽവയൽ സംരക്ഷണ ജാഗ്രതാസമിതി
ഡോ. ചുമ്മാർ ചൂണ്ടൽ സ്മാരക ഫോക് ലോർ സെന്റർ

മാള യഹൂദ കരാറിന് 60
1955 - 2015

ചരിത്ര സ്മാരക സംരക്ഷണ
**ഐക്യദാർഢ്യ കൺവെൻഷൻ**

## മാള യഹൂദ കരാർ 1955

മാള യഹൂദ സമുദായ ട്രസ്റ്റിമാരും മാള പഞ്ചായത്തും ചേർന്ന് ഉണ്ടാക്കിയ ഉടമ്പടിയാണിത്. 1955 ജനുവരി 4ന് മാള സബ് രജിസ്ട്രാർ ഓഫീസിൽ 6/1955 നമ്പർ ആയി ഈ കരാർ രജിസ്റ്റർ ചെയ്തു. എറണാകുളത്തുകാരൻ അവറോണി, പള്ളിവാതുക്കൽ എലിയാച്ച, ചേന്ദമംഗലത്തുകാരൻ ഏല്യാബായ് എന്നിവരും അന്നത്തെ മാള പഞ്ചായത്ത് പ്രസിഡന്റ് എ.ഡി. ജോസഫുമാണ് കരാറിൽ ഒപ്പുവച്ചിരിക്കുന്ന്.

കരാറിന്റെ എ ഷെഡ്യൂളിൽ 23 സെന്റ് സ്ഥലത്ത് സ്ഥിതിചെയ്യുന്ന സിനഗോഗിനെപ്പറ്റിയും ബി ഷെഡ്യൂളിൽ 4 ഏക്കർ വിസ്തൃതിയുള്ള സെമിത്തേരിയെപ്പറ്റിയും വിവരിക്കുന്നു. കരാറിലെ വ്യവസ്ഥകൾ : സിനഗോഗും സെമിത്തേരിയും പഞ്ചായത്ത് സ്വന്തം ചെലവിൽ വർഷാവർഷം അറ്റകുറ്റപ്പണികൾ ചെയ്ത് സംരക്ഷിക്കണം. രണ്ടിടത്തും അവയുടെ പേര് സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കണം. ഇവ രണ്ടും അന്യാധീനപ്പെടുത്താൻ പാടില്ല. സിനഗോഗ് മറ്റേതെങ്കിലും മത വിഭാഗത്തിന്റെ ആരാധനാലയമാക്കരുത്. സെമിത്തേരിയിൽ കടന്നുകയറ്റമോ കല്ലറകൾക്ക് നേരെ കയ്യേറ്റമോ അനുവദിക്കരുത്. സെമിത്തേരിയുടെ ഒരു ഭാഗവും കുഴിക്കുകയോ മണ്ണ് മാറ്റുകയോ ചെയ്യരുത്. ചുറ്റുമതിലും ഗേറ്റും സംരക്ഷിക്കണം. മറ്റൊരു ആവശ്യത്തിനും ഉപയോഗിക്കരുത്. ടി ഭൂമി ഏത് കാലത്തും ഏതൊരു യഹൂദനും സെമിത്തേരിയായി ഉപയോഗിക്കുവാനുള്ള അവകാശം നിഷേധിക്കരുത്.

കരാറിന്റെ മഷിയുണങ്ങുംമുമ്പേ ലംഘനങ്ങളും തുടങ്ങി. രണ്ടിടത്തും വാർഷിക അറ്റകുറ്റപ്പണികളോ സംരക്ഷണമോ ഉണ്ടായില്ല. സിനഗോഗ് കുറച്ചുകാലം പ്രൈമറി സ്കൂളായും പിന്നീട് കമ്മ്യൂണിറ്റി ഹാളായും ഉപയോഗിച്ചു. വടക്കുവശത്ത് സിനഗോഗിനെ പൂർണ്ണമായും മറച്ചുകൊണ്ട് ഇരുനില ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചു. രണ്ട് പതിറ്റാണ്ടിനുശേഷം ഇത് പൊളിച്ചുമാറ്റേണ്ടി വന്നപ്പോൾ രണ്ട് മീറ്റർ വീതിയിൽ സ്ഥലം റോഡിന് വിട്ടുകൊടുത്തു. കിഴക്കുവശത്തെ മുൻവാതിൽ പ്രവേശനം തടഞ്ഞുകൊണ്ട് 1.5 മീറ്റർ വീതിയിൽ സ്ഥലം കയ്യേറ്റം ചെയ്യപ്പെട്ടു. ശ്മശാന ചുറ്റുമതിലും ഗേറ്റും തകർന്ന് വീണു. 50 വർഷം മുമ്പ് 30 കല്ലറകളുണ്ടായിരുന്നതിൽ മൂന്നെണ്ണം ഒഴിച്ചെല്ലാം തകർന്നുപോയി. 2005 ൽ ഹൈക്കോടതി വിധിയെപ്പറ്റി കള്ളപ്രചരണം നടത്തി, ശ്മശാനത്തിനു കുറുകെ മതിലുകെട്ടി കിഴക്കുഭാഗത്ത് 2.5 ഏക്കർ വേർതിരിച്ച് ചുറ്റും ഗാലറി നിർമ്മിച്ച് കളിസ്ഥലമാക്കി. ഇവിടേയും മൊത്തം നീളത്തിൽ 2 മീറ്റർ വീതിയിൽ സ്ഥലം റോഡിന് വിട്ടുകൊടുത്തു. ഈ ഭാഗത്ത് കെ.കരുണാകരന്റെ സ്മാരകമായി കായികവകുപ്പ് സ്റ്റേഡിയം നിർമ്മിക്കുന്നു. മൂന്ന് കല്ലറകൾ അവശേഷിക്കുന്ന പടിഞ്ഞാറ് 1.5 ഏക്കറിൽ പാർക്കിന്റെ പേരിൽ ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ വിനോദ സഞ്ചാര വകുപ്പ് തീരുമാനിച്ചിരിക്കുന്നു. ഇതിനായി കോടതിവിധി ലംഘിച്ചുകൊണ്ട് ഗെയിറ്റ് തകർക്കുകയും വടക്കുവശത്തെ മതിൽ ജെ.സി.ബി. ഉപയോഗിച്ച് പൂർണ്ണമായും ഇടിച്ച് നിരത്തുകയും ചെയ്തു. ഇന്ത്യയിലെ ഏറ്റവും വലിയ യഹൂദ സെമിത്തേരിയാണ് ഇത്തരത്തിൽ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നത്.

ഈ പദ്ധതികൾക്കെതിരെ യഹൂദരും പൈതൃകസംരക്ഷണ സമിതിയും ഇരിങ്ങാലക്കുട സബ്കോടതിയിൽ കേസ് കൊടുത്തു. 3.9.2014 തിയതിയിലെ കോടതിവിധി പ്രകാരം 55ലെ കരാർ വ്യവസ്ഥകൾ കാലഹരണപ്പെട്ടുവെന്ന പഞ്ചായത്തിന്റെ വാദം തള്ളുകയും കരാർ വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തുകയും ചെയ്തു. പഞ്ചായത്തിന്റെ അധികാരം പരിമിതപ്പെടുത്തിക്കൊണ്ട് യഹൂദ സ്മാരകങ്ങളുടെ സംരക്ഷണത്തിന് പുതിയൊരു പദ്ധതി തയ്യാറാക്കുവാനും കോടതി നിർദ്ദേശിച്ചു. പക്ഷേ, ഇതിനെതിരെ ജില്ലാ കോടതിയെ സമീപിച്ചിരിക്കുകയാണ് മാള പഞ്ചായത്ത്.




### മാള യഹൂദകരാർ പാലിക്കാൻ സർക്കാർ സന്നദ്ധമാകണം

ചരിത്ര സ്മാരക സംരക്ഷണ

# ഐക്യദാർഢ്യ കൺവെൻഷൻ

സെമിനാർ

**“പൈതൃകസംരക്ഷണത്തിന്റെ രാഷ്ട്രീയം”**

**2015 മാർച്ച് 14 ശനി 2 മണി**
**തൃശ്ശൂർ സാഹിത്യ അക്കാദമി ഹാൾ**

എം.ജി.എസ്. നാരായണൻ | സാറ ജോസഫ് | സേതു | വൈശാഖൻ
സുനിൽ പി. ഇളയിടം | കെ. ഗോപാലൻകുട്ടി | എം. വിജയലക്ഷ്മി
അജു നാരായണൻ

സുഹൃത്തേ,

ചരിത്ര സ്മാരകങ്ങൾ തകർക്കുക എന്നത് നിക്ഷിപ്ത താൽപര്യക്കാരുടെ ലക്ഷ്യവേദിയായ പ്രവർത്തനമാണ്. ചരിത്രത്തോട് വസ്തുനിഷ്ഠമായ സമീപനം സ്വീകരിക്കുമ്പോൾ മാത്രമേ മാനവികത പുലരൂ. ഇന്നലെയുടെ പാഠങ്ങൾ, മനുഷ്യജീവിയുടെ സാമൂഹിക പരിണാമം എന്നിവ വിസ്മരിച്ചാൽ ഭാവി ഇരുളടഞ്ഞതാകും. അതുകൊണ്ട് ഓർമ്മകളെ ഉണർത്തുക എന്നത് നമ്മുടെ കാലഘട്ടം ആവശ്യപ്പെടുന്ന സാംസ്കാരിക രാഷ്ട്രീയ പ്രവർത്തനമാണ്. ഇത്തരമൊരു പശ്ചാത്തലത്തിൽ നിന്നാണ് മാളയിലെ യഹൂദ സമൂഹത്തിന്റെ ജീവിതചരിത്രത്തേയും അവർ അവശേഷിപ്പിച്ചുപോയ സ്മാരകങ്ങളേയും നോക്കിക്കാണേണ്ടത്.

മാളയിലെ യഹൂദ സ്മാരക സംരക്ഷണക്കരാറിന് അറുപത് വയസ്സായി. പക്ഷേ ഗ്രാമപഞ്ചായത്തും മറ്റിതര സർക്കാർ സ്ഥാപനങ്ങളും ആ സ്മാരകങ്ങൾ സംരക്ഷിക്കുന്നില്ലെന്ന് മാത്രമല്ല വികസനത്തിന്റെ പേരിൽ അതു നിർമ്മാർജ്ജനം ചെയ്യുന്നതിന് നിയമവിരുദ്ധമായും അധാർമ്മികമായും പ്രവർത്തിക്കുന്നു. ഈയൊരു സാഹചര്യത്തിലാണ് മാള പൈതൃക സംരക്ഷണ സമിതി നാനാവിധത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളത്. നിയമപരമായും ജനകീയപ്രക്ഷോഭതലത്തിലും സ്മാരക സംരക്ഷണ ബോധവൽക്കരണ പ്രവർത്തങ്ങളാലും നിരന്തരമായി ജനങ്ങളെ ഈ ക്യാമ്പെയിനിൽ കർമ്മോത്സുകരാക്കി വരുന്നു. അതിന്റെ തുടർച്ചയാണ് തൃശ്ശൂരിൽ മാർച്ച് 14 ന് നടത്തുന്ന സെമിനാറും ഐക്യദാർഢ്യ കൺവെൻഷനും. സാംസ്കാരിക പ്രവർത്തകരുടെയും ചരിത്രവിദ്യാർത്ഥികളുടെയും രാഷ്ട്രീയ പ്രവർത്തകരുടേയും സജീവപങ്കാളിത്തം ആവശ്യപ്പെടുന്ന ഈ പരിപാടിയിലേക്ക് താങ്കളെ പ്രത്യേകം ക്ഷണിക്കുന്നു.

സ്നേഹപൂർവ്വം,

| | |
|---|---|
| കെ. വേണു<br>ചെയർമാൻ | പി.കെ. കിട്ടൻ<br>ജന: കൺവീനർ |

പ്രൊഫ. സി. കർമ്മചന്ദ്രൻ
ചെയർമാൻ
മാള പൈതൃക സംരക്ഷണസമിതി

# കാര്യപരിപാടി

2015 മാർച്ച് 14 ശനി 2 മണി

സെമിനാർ

## പൈതൃകസംരക്ഷണത്തിന്റെ രാഷ്ട്രീയം

സ്വാഗതം:
**പ്രൊഫ. സി. കർമ്മചന്ദ്രൻ**

അദ്ധ്യക്ഷത:
**വൈശാഖൻ**

ഉദ്ഘാടനം:
**ഡോ. എം.ജി.എസ്. നാരായണൻ**

പ്രഭാഷണം:
**ഡോ. കെ. ഗോപാലൻകുട്ടി**
**ഡോ. സുനിൽ പി. ഇളയിടം**
**ഡോ. എം. വിജയലക്ഷ്മി**
**പ്രൊഫ. ജോർജ്ജ് മേനാച്ചേരി**
**ഡോ. അജു കെ. നാരായണൻ**

കൃതജ്ഞത:
**ഈ.ഡി. ഡേവീസ്**

## ഐക്യദാർഢ്യ കൺവെൻഷൻ

വൈകീട്ട് 5 മണിക്ക്

സ്വാഗതം: പി.കെ. കിട്ടൻ
അദ്ധ്യക്ഷത: കെ. വേണു
ഉദ്ഘാടനം: സേതു
മുഖ്യപ്രഭാഷണം: സാറ ജോസഫ്

**ഐക്യദാർഢ്യം:**
പ്രൊഫ വി.ജി. തമ്പി
പ്രൊഫ. ഐ. ഷണ്മുഖദാസ്
ടി.എൻ. ജോയ്
ഡോ. എൻ.ആർ. ഗ്രാമപ്രകാശ്
ഡോ. പി.എസ്. ഈസ
ഇ.എം.സതീശൻ
പ്രൊഫ. എം. ഹരിദാസ്
കെ.എ. മോഹൻ ദാസ്
സജീവൻ അന്തിക്കാട്
ടി.കെ. വാസു
ഡോ. പി. രഞ്ജിത്
പ്രൊഫ. ടി.ബി. വിജയകുമാർ
ലില്ലി തോമസ്
ഡോ. തോളൂർ ശശിധരൻ
സി. വേലായുധൻ
വർഗീസാന്റണി
ഫാ. ബെന്നി ബെനഡിക്ട്
ചെറിയാൻ ജോസഫ്
റോബിൻ കേരളീയം
കെ.വി. അബ്ദുൽ അസീസ്
അഡ്വ: ജോർജ്ജ് പുലികുത്തിയിൽ
എം. മോഹൻ ദാസ്
ഐ. ഗോപിനാഥ്
ശരത് ചേലൂർ
അഡ്വ: എം.കെ. അനൂപ്
വിൻസന്റ് പുത്തൂർ
ജോൺ കള്ളിയത്ത്
കൃതജ്ഞത : എം. പ്രസന്നകുമാർ